# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5605 — 06/07/2012-ൽ മറുപടിക്ക്

## മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഹൈബി ഈഡൻ<br>" എ.റ്റി. ജോർജ്<br>" സണ്ണി ജോസഫ്<br>" എം.പി. വിൻസെന്റ് | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | ആദിവാസി മേഖലകളിൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ തുടങ്ങാൻ എന്തെല്ലാം നടപടികളാണ് സ്വീകരി ച്ചിട്ടുള്ളത്; | എ | പട്ടികവർഗ്ഗ മേഖലകൾ കേന്ദ്രീകരിച്ച് സഞ്ചരിക്കുന്ന വൈദ്യ സഹായ സന്നാഹവും അനുബന്ധ സൗകര്യങ്ങളും സജ്ജമാക്കുന്നതിന് 2011-12 സാമ്പത്തികവർഷം 2.88 കോടി രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള നെടുമങ്ങാട്ടെയും ഇടുക്കിയിലെയും യൂണിറ്റു കൾക്ക് പുതിയ വാഹനം വാങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി | ഏത് വകുപ്പിന്റെ സഹായത്തോടെ യാണ് പദ്ധതി നടപ്പാക്കുന്നത്; | ബി | ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള 'കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ' എന്ന സ്ഥാപനം വഴിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. |
| സി | ആദ്യഘട്ടത്തിൽ എവിടെയാണ് പദ്ധതി നടപ്പാക്കുന്നത്; | സി | വയനാട്, പാലക്കാട്, പത്തനംതിട്ട എന്നിവിടങ്ങളിലാണ് ആദ്യ ഘട്ടത്തിൽ പദ്ധതി നടപ്പിലാക്കുന്നത്. |
| ഡി | സംസ്ഥാനത്ത് ഇത് വ്യാപിപ്പിക്കുവാൻ നടപടി എടുത്തിട്ടുണ്ടോ? | ഡി | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ